# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം *230 12.02.2019 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എം. രാജഗോപാലൻ
,, എ. എൻ. ഷംസീർ
,, എ.എം. ആരിഫ്
,, എം. നൗഷാദ്

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും പുതിയ പ്രവണതകളെക്കുറിച്ച് അറിവും ഉചിതമായ പരിശീലനവും നൽകി തൊഴിലിന് പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കരിയർ ഡവലപ്മെന്റ് സെന്ററുകൾ സൃഷ്ടിച്ച നേട്ടം അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം സെന്ററുകൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും, പാലോട്ടും, ആലപ്പുഴ ജില്ലയിലെ കായംകുളത്തും, പാലക്കാട് ജില്ലയിലെ ചിറ്റൂരും, കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. തൃപ്പൂണിത്തുറ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ച് ഉദ്യോഗാർത്ഥികളെ തൊഴിലിന് പ്രാപ്തരാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (സി) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരം നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച |

| | | | |
|---|---|---|---|
| | | | കളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ഇടുക്കി ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് കട്ടപ്പന വില്ലേജിൽ ബ്ലോക്ക് നം.58 ൽ സർവ്വേ നം.293 /11 -1 ൽ 10 സെന്റ് സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി ആസ്ഥാനമായി ആരംഭിക്കുന്ന മിനി സിവിൽസ്റ്റേഷനിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വയനാട്, പത്തനംതിട്ട ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നിലവിലുള്ള പത്ത് എംപ്ലോയബിലിറ്റി സെന്ററുകളിലായി ആകെ 1,60,068 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1,12,832 പേരെ നൈപുണ്യം അസസ്സ് ചെയ്യുകയും 1,04,988 പേർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പരിശീലനം നൽകിയ ഉദ്യോഗാർത്ഥികളിൽ 47,844 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് ജോബ് ഓഫറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | നിലവിലെ സ്ഥിതിയിൽ നിന്നും മാറി, സ്വകാര്യ മേഖലയിലും ഗ്രാമീണ മേഖലയിലും ആവശ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന മോഡൽ കരിയർ സെന്റർ, എംപ്ലോയബിലിറ്റി സെന്റർ പദ്ധതികൾ പ്രകാരം ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ ശാസ്ത്രീയമായി വിലയിരുത്തി അവർക്കു ആവശ്യമായ നൈപുണ്യ പരിശീലനം നൽകി സ്വകാര്യമേഖലയിലും ഗ്രാമീണ മേഖലയിലും നിലവിലുള്ള തൊഴിലുകൾക്ക് പ്രാപ്തരാക്കി വരുന്നുണ്ട്. ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ |

| | | | |
|---|---|---|---|
| | | | ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ പരമാവധി അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി പ്രകാരം കരിയർ സംബന്ധമായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകി സർക്കാർ/ സ്വകാര്യമേഖലയിലെ തൊഴിലുകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കി വരുന്നുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പരമാവധി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി "നിയുക്തി" എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ എല്ലാ വർഷവും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ